LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക

55 [487] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ എത്ര റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുണ്ട്;

(ബി) ഈ തസ്തികകൾ നേരത്തെ ഏതു പേരിലാണ് അറിയപ്പെട്ടിരുന്നത്;

(സി) ഏത് സർക്കാർ ഉത്തരവിലൂടെയാണ് പ്രസ്തുത തസ്തികയുടെ അധികാരങ്ങളും അധികാരപരിധിയും നിജപ്പെടുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത തസ്തികകൾ എന്നാണ് സൃഷ്ടിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ മുതൽ ഡി വരെ) എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തിക ഇല്ല. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ മൂന്ന് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകളുണ്ട്. 19-11-1998-ലെ ജി.ഒ. (എം.എസ്.) 101/98/എൽ.ബി.ആർ. പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികകളെ അപ്ഗ്രേഡ് ചെയ്താണ് ഈ തസ്തികകൾ സൃഷ്ടിച്ചത്. മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുപ്രകാരമാണ് പ്രസ്തുത തസ്തികകളുടെ അധികാരങ്ങളും അധികാര പരിധിയും നിജപ്പെടുത്തിയിട്ടുള്ളത്. ജി.ഒ. (എം.എസ്.) 101/98/എൽ. ബി.ആർ. പ്രകാരമാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

ഫറോക്ക്, ചെറുവണ്ണൂർ എന്നിവിടങ്ങളിലെ ഇ.എസ്.ഐ.-കളിലെ സൗകര്യങ്ങളുടെ അപര്യാപ്തത

56 [489] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്, ചെറുവണ്ണൂർ എന്നിവിടങ്ങളിലെ ഇ.എസ്.ഐ.-കളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നും ഇല്ലാത്തതിനാൽ രോഗികൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥലങ്ങളിൽ മരുന്നുകൾ ലഭ്യമാക്കാനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ആശുപത്രികളിൽ പുറമെനിന്നും വാങ്ങിയ മരുന്നുകളുടെ പണം ലഭിക്കാൻ വർഷങ്ങളുടെ കാലതാമസം ഉണ്ടാകുന്ന സ്ഥിതി ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) മരുന്ന് വാങ്ങിയ വകയിൽ ഏത് വർഷം വരെയുള്ള റീ ഇമ്പേഴ്സ്മെന്റ് ഇതേവരെ നൽകിയെന്നും ബേപ്പൂർ മണ്ഡലത്തിലെ ഇ.എസ്.ഐ. കളിൽ എത്ര തുക ഈ ഇനത്തിൽ നൽകാനുണ്ടെന്നും അറിയിക്കുമോ;

(ഇ) റീ ഇമ്പേഴ്സ്മെന്റ് തുക കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഫറോക്ക്, ചെറുവണ്ണൂർ ഇ.എസ്.ഐ. കളിൽ ആവശ്യത്തിന് ഡോക്ടർമാരുണ്ട്. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ കരാർ അടിസ്ഥാനത്തിൽ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറുവണ്ണൂർ ഡിസ്പെൻസറിയിൽ ഒരു ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റീ ഇംമ്പേഴ്സ്മെന്റിനുള്ള പണം നൽകുന്നുണ്ട്.

(ഡി) ബേപ്പൂർ മണ്ഡലത്തിലെ ഇ.എസ്.ഐ.-കളിൽ റീ ഇമ്പേഴ്സ്മെന്റ് നൽകിയ കാലയളവും ഈ ഇനത്തിൽ നൽകാനുള്ള തുകയും താഴെ ചേർക്കുന്നു:

ഡിസ്പെൻസറി	റീ ഇമ്പേഴ്സ് നൽകിയ കാലയളവ്	ഈ ഇനത്തിൽ നൽകാനുള്ള തുക
ഇ.എസ്.ഐ. ഡിസ്പെൻസറി, കുന്നത്ത് പാലം	2002 ആഗസ്റ്റ് വരെ	7,34,000
ഇ.എസ്.ഐ. ഡിസ്പെൻസറി, മീൻചന്ത	2001 ജൂൺ വരെ	8,50,000
ഇ.എസ്.ഐ. ഡിസ്പെൻസറി, ബേപ്പൂർ	2003 സെപ്റ്റംബർ വരെ	50,000
ഇ എസ്.ഐ. ഡിസ്പെൻസറി, ചുങ്കം	2001 ജൂലൈ വരെ	15,00,000
ഇ.എസ്.ഐ. ഡിസ്പെൻസറി, ചെറുവണ്ണൂർ	2000 ഡിസംബർ വരെ	36,05,186

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റീ ഇമ്പേഴ്സ്മെന്റ് തുക കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly